**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 883** **09-10-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ പ്രീമെട്രിക്ക് ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ പ്രീമെട്രിക്ക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ 15 പ്രീമെട്രിക് ഹോസ്റ്റലുകളാണ് നിലവിലുള്ളത്. പ്രീമെട്രിക് ഹോസ്റ്റലുകൾ ബ്ലോക്ക് പഞ്ചായത്തുകൾ/നഗരസഭകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. അതിനാൽ പ്രീമെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്കു പഞ്ചായത്തുകൾക്ക് നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്. ബ്ലോക്കു പഞ്ചായത്തുകൾ നടപ്പിലാക്കാത്ത പദ്ധതികൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ ലഭ്യമാക്കുന്ന ഹോസ്റ്റൽ മെയിന്റനൻസ്, ഹോസ്റ്റൽ നവീകരണം, ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾ ക്കാവശ്യമായ ഫർണിച്ചറുകൾ, മറ്റു സൗകര്യങ്ങൾ എന്നിവയ്ക്കുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് തുക അനുവദിച്ചു വരുന്നുണ്ട്.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി ലഭ്യമാകുന്ന പ്രൊപ്പോസലുകളിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഷോളയൂരിൽ 2 ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയും പുതൂർ (ഗേൾസ്), പുതൂർ (ബോയ്സ്) ഷോളയൂർ (ഗേൾസ്) എന്നീ പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹോസ്റ്റലുകളിലേയ്ക്ക് ആവശ്യമായ ഫർണിച്ചറുകൾ, കിടക്കകൾ, തലയിണകൾ, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ, മെച്ചപ്പെട്ട ഭക്ഷണം എന്നിവ ആവശ്യാനുസരണം നൽകി വരുന്നുണ്ട്.** |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ജില്ലയിലെ പ്രീമെട്രിക്ക് ഹോസ്റ്റലുകളിൽ കഴിഞ്ഞ അധ്യയന വർഷത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ ഫലത്തിന്റെ സ്ഥിതി വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ കഴിഞ്ഞ അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ 62 വിദ്യാർത്ഥികളും വിജയിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ **പാലക്കാട് ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ കഴിഞ്ഞ അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ 413 വിദ്യാർത്ഥികളിൽ 409 പേർ വിജയിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ